"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആയുഷ് വകുപ്പ് - നാഷണൽ ആയുഷ് മിഷൻ - 2024 വർഷത്തെ ശബരിമല മണ്ഡലവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് പമ്പ ശബരിമല എന്നിവിടങ്ങളിലെ ആയുഷ് സമ്പ്രദായത്തിന് കീഴിലെ താൽകാലിക ഡിസ്പെൻസറികളിൽ ആവശ്യമായ മരുന്നുകളും മറ്റ് സൗകര്യങ്ങളും ക്രമീകരിക്കുന്നതിനും, തുക ചെലവഴിക്കുന്നതിനും നാഷണൽ ആയുഷ് മിഷന് അനുവാദം നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആയുഷ് (ബി) വകുപ്പ്**

G.O.(Rt)No.431/2024/AYUSH തീയതി,തിരുവനന്തപുരം, 11-11-2024

പരാമർശം:- 1. 2024 ശബരിമല മണ്ഡലകാല മഹോത്സവത്തോട് അനുബന്ധിച്ചുള്ള മുന്നൊരുക്കങ്ങൾ വിലയിരുത്താനായി 04/11/2024ൽ ബഹു ആരോഗ്യവും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പമ്പയിൽ ചേർന്ന യോഗം.

2. നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 07/11/2024ലെ NAM/934/2024/എ1/എസ്.പി.എം.എസ്.യു നമ്പർ കത്ത്

**ഉത്തരവ്**

2024 ശബരിമല മണ്ഡലകാല മഹോത്സത്തോടനുബന്ധിച്ചുള്ള മുന്നൊരുക്കങ്ങൾ വിലയിരുത്താനായി പരാമർശം (1) പ്രകാരം ചേർന്ന യോഗത്തിൽ പമ്പ സന്നിധാനം എന്നിവിടങ്ങളിലെ ആരോഗ്യ വകുപ്പിന് കീഴിലെ ആരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യമായ മരുന്നുകൾ, മറ്റ് സൗകര്യങ്ങൾ എന്നിവ ഒരുക്കണമെന്ന തീരുമാനം കൈക്കൊണ്ടതിന്റെ അടിസ്ഥാനത്തിൽ, ആയുഷ് സമ്പ്രദായത്തിന് കീഴിൽ വരുന്ന ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലെയും, ഹോമിയോപ്പതി വകുപ്പിന് കീഴിലെയും സ്ഥാപനങ്ങളുടെ മുന്നൊരുക്കങ്ങൾക്കായി ഭാരതീയ ചികിത്സാ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസർ പത്തനംതിട്ട, ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ എന്നിവർ പ്രസ്തുത ആവശ്യത്തിലേക്കായി പ്രൊപ്പോസൽ സ്റ്റേറ്റ് മിഷൻ ഡയറക്ടർക്ക് സമർപ്പിച്ചു. പ്രസ്തുത പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് മിഷൻ ഡയറക്ടർ മണ്ഡലവിളക്ക് മഹോത്സവത്തിന്റെ ഭാഗമായുള്ള ആയുഷ് സമ്പ്രദായത്തിന് കീഴിലെ താൽകാലിക ഡിസ്പെൻസറികളുടെ പ്രവർത്തനങ്ങൾക്കായി 14.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി, ആയതിന് അംഗീകാരവും, തുക ചെലവഴിക്കുന്നതിന് അനുമതിയും നൽകണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സർക്കാരിലേക്ക് കത്ത് സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലെ സ്ഥാപനങ്ങൾക്ക് 8.00 ലക്ഷം രൂപയും, ഹോമിയോപ്പതി വകുപ്പിലെ സ്ഥാപനങ്ങൾക്ക് 6.00 ലക്ഷം രൂപയും കണക്കാക്കി നാഷണൽ ആയുഷ് മിഷൻ സമർപ്പിച്ച താഴെ പറയുന്ന പ്രൊപ്പോസൽ അംഗീകരിച്ചും, 2024-25 സാമ്പത്തിക വർഷത്തെ State Annual Action Planലെ supply of essential drugs on need basis എന്നതിൽ ഉൾപ്പെടുത്തി ആവശ്യമായ മരുന്നുകളുടെ ചെലവ് വഹിക്കുന്നതിനും, ബാക്കിയുള്ളവ NAM Admin cost ൽ നിന്നും ചെലവഴിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലെ ആയുർവേദ സ്ഥാപനങ്ങൾക്ക്

| Sl No | Item | Amount |
|---|---|---|
| 1 | Furniture | 1,00,000/- |
| 2 | Hospital/Medical Equipment | 1,00,000/- |
| 3 | Mobility Support for ISM | 1,50,000/- |
| 4 | Stationery | 50,000/- |
| 5 | IEC | 3,00,000/- |

| | | |
|---|---|---|
| 6 | Contingency | 1,00,000/- |
| | Total | 8,00,000/- |

ഹോമിയോപ്പതി വകുപ്പിന് കീഴിലെ ഹോമിയോപ്പതി സ്ഥാപനങ്ങൾക്ക്

| Sl No | Item | Amount |
|---|---|---|
| 1 | Furniture | 2,00,000/- |
| 2 | Hospital/Medical Equipment | 1,00,000/- |
| 3 | Painting charges for Pamba Dispensary | 10,000/- |
| 4 | TT Cover painting | 50,000/- |
| 5 | Stationery | 50,000/- |
| 6 | IEC | 1,00,000/- |
| 7 | Contingency | 90,000/- |
| | Total | 6,00,000/- |

നാഷണൽ ആയുഷ് മിഷൻ അനുവദിക്കുന്ന മേൽ തുകകൾ / സൗകര്യങ്ങൾ സംബന്ധിച്ചും, വാർഷിക പദ്ധതിയിൽ ടി പദ്ധതിയ്ക്കായി തുക വകയിരുത്തിയത് ചെലവഴിക്കുന്നതും സംബന്ധിച്ച് കൃത്യമായ കണക്കുകൾ വകുപ്പദ്ധ്യക്ഷന്മാർ പ്രത്യേകം എഴുതി സൂക്ഷിക്കേണ്ടതും ഇതുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ സംബന്ധിച്ച റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SEEMA S
JOINT SECRETARY

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്)/ (എ&ഇ), കേരള തിരുവനന്തപുരം.
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ആയുഷ് മിഷൻ, കേരള, തിരുവനന്തപുരം
ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ്& ന്യൂ മീഡിയ) വകുപ്പ്
ആയുഷ് (എ) വകുപ്പ് / ആയുഷ് (സി) വകുപ്പ്
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Namitha T
Date: 12-11-2024 11:01:40
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യവും വനിതാശിശുവികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്.